# PRAGATHI

**Farmer's Society for Rural Studies and Development**

## WHO WE ARE ?

Pragathi is a non-governmental organization formed by the farmers dependent on rain, tanks and dams for water resources in different districts of Karnataka. It is believed that there are number of problems related to agriculture and rural development which are not only due to inefficient negotiation and contestation of resources at State level but also effective utilization among farmer. With the backdrop of the results of several development programmes implemented by various institutions, it is felt that 'farmer to farmer' approach is an effective tool in implementing development programmes in rural areas. Thus pragathi is a path to build farmer networks in the State that address development issues.

Pragathi believes that it is equally important to negotiate natural resources, first hand information and technology, participate in dialogue process with government and other actor and agencies involved in development programmes towards resource management for the upliftment of farmers particularly rural poor. Pragathi will address its aim through the following activities.

## ACTIVITIES

**Empowerment :** Awareness, motivation, guidance, training programmes towards rights and responsibilities of farmers. Organising farmers meeting, women groups to empower farming community.

**Policy advocacy :** Enable farmers to participate in policy formulation and implementation through organizing meeting locally to discuss and express their requirements. Disseminate information about development at WTO, GATT and provide platform to discuss the same.

**Studies :** Undertake and encourage studies that are relevant to farmers in rural development.

**Discipline :** Promote discipline in management and distribution of resources among users towards efficient/ economic utilisation.

**Technology :** Identify and promote appropriate technology, which is eco-friendly, efficient usage of resources. Creating awareness among farmers through training programme.

**NGOs :** Interact and encourage with local formal, informal, traditional organizations engaged in rural development.

**Publications :** Take up documentation and publish newsletter, handbill, books and poster periodically to reach farmers easily.

To carry out above activities successfully we need your fullest cooperation. Contributions in kind and cash are highly appreciated.

## EXECUTIVE COMMITTEE MEMBERS (2002-03)

Honarary President:
**Mr. S.M. Patil**, Farmer
President of Hipparagi WUCs
Director, Ghataprabha WUCs federation
Jamakhandi, Bagalkote district

President:
**Mr. H.N. Bhavi**, Farmer
President of Belavalakoppa WUCs
Director, Malaprabha WUCs federation
Badami, Bagalkote district

Vice-President:
**Mr. H.V. Ramesh**, Farmer
President of Hemanahalli WUCs (K.R.S)
Maddur, Mandya district

Secretary:
**Mrs. A.R. Sudhamani**, Farmer
President of Hanagodu WUCs (Harangi)
Women Activist, Hunsur, Mysore district

Joint Secretary:
**Mr. G.M. Jagadish**, Farmer
Gudamaghatta WUCs (Bhadra)
Bhadravathi, Shimoga district

Treasurer:
**Mr. G. Kubendrappa**, Farmer
Secretary, Gudamaghatta WUCs (Bhadra)
Bhadravathi, Shimoga District

**Members**
**Mr. Krishnaji Kashid** (Kithalli WUCs, Malaprabha)
**Mr. Ramesh Sullad** (Hebbali WUCs, Malaprabha)
**Mr. K.N. Ganganna** (Kerekathiganoor tank dev. society)
**Mr. C.B. Hallura** (Hebbali WUCs, Malaprabha)
**Mr. G.E. Puttesh**, (Gudamaghatta WUCs Bhadra)
**Mr. G. Puttappa**

•••

## ಸದಸ್ಯತ್ವ ನಮೂನೆ

ಹೆಸರು ......................................................

ವಿಳಾಸ (ಪಿನ್‌ಕೋಡ್ ಮತ್ತು ದೂರವಾಣಿ ಸಂಖ್ಯೆಯೊಂದಿಗೆ) .......

............................................................

............................................................

............................................................

ವೈಯಕ್ತಿಕ ಅಜೀವ ಸದಸ್ಯತ್ವ ..................................ರೂ. 250.00

ವೈಯಕ್ತಿಕ ವಾರ್ಷಿಕ ಸದಸ್ಯತ್ವ ..............................ರೂ. 100.00

ಸಾಮಾನ್ಯ ಸದಸ್ಯತ್ವ..............................................ರೂ. 51.00

ಸಾಂಸ್ಥಿಕ ಅಜೀವ ಸದಸ್ಯತ್ವ ....................................ರೂ. 500.00

ಸಾಂಸ್ಥಿಕ ವಾರ್ಷಿಕ ಸದಸ್ಯತ್ವ ..................................ರೂ. 250.00

ಸಾಂಸ್ಥಿಕ ಸಾಮಾನ್ಯ ಸದಸ್ಯತ್ವ.................................ರೂ. 100.00

ಸದಸ್ಯತ್ವವನ್ನು ಸ್ವೀಕರಿಸುವಲ್ಲಿ ಕಾರ್ಯಕಾರಿ ಸಮಿತಿಯು ನಿರ್ಧರಿಸುತ್ತದೆ

ಭರ್ತಿಮಾಡಿದ ಸದಸ್ಯತ್ವ ಪತ್ರದೊಂದಿಗೆ ಸದಸ್ಯತ್ವ ಶುಲ್ಕ ಪ್ರಗತಿ ಬೆಂಗಳೂರು ಪರವಾಗಿ ತೆಗೆದ ಡಿಡಿ/ಚೆಕ್ ರೂಪದಲ್ಲಿ ಸಂಸ್ಥೆಯ ಮುಖ್ಯಸ್ಥರನ್ನು ಉದ್ದೇಶಿಸಿ ಈ ಕೆಳಗಿನ ವಿಳಾಸಕ್ಕೆ ಕಳುಹಿಸತಕ್ಕದ್ದು.

ಕಾರ್ಯಕಾರಿ ನಿರ್ದೇಶಕರು
72, 7ನೇ ಕ್ರಾಸ್, ಸಿ.ಟಿ. ಬೀದಿ,
ವಸಂತನಗರ, ಬೆಂಗಳೂರು - 560 052
ದೂರವಾಣಿ : (080) 2286161
ಫ್ಯಾಕ್ಸ್ : (080) 2251707,
ಇ-ಮೇಲ್ : pragathi_kar@yahoo.co.in

## ಕಾರ್ಯಕಾರಿ ಸಮಿತಿಯ ಸದಸ್ಯರು (2002-03) :

ಗೌರಾವಾಧ್ಯಕ್ಷರು:
ಶ್ರೀ ಎಸ್.ಎಮ್. ಪಾಟೀಲ್, ರೈತರು
ಅಧ್ಯಕ್ಷರು, ಹಿಪ್ಪರಗಿ ನಿ.ಬ.ಸ.ಸ
ನಿರ್ದೇಶಕರು ಘಟಪ್ರಭಾ ನಿ.ಬ.ಸ.ಸ ಮಹಾ ಮಂಡಳ,
(ಜಮಕಂಡಿ, ಬಾಗಲಕೋಟೆ ಜಿಲ್ಲೆ)

ಅಧ್ಯಕ್ಷರು:
ಶ್ರೀ ಎಚ್. ಎನ್. ಭಾವಿ, ರೈತರು
ಅಧ್ಯಕ್ಷರು, ಬೆಳವಲಕೊಪ್ಪ, ನಿ.ಬ.ಸ.ಸ.
ನಿರ್ದೇಶಕರು, ಮಲಪ್ರಭಾ ನಿ.ಬ.ಸ.ಸ ಮಹಾ ಮಂಡಳ, ನವಿಲು ತೀರ್ಥ,
(ಬಾದಾಮಿ , ಬಾಗಲಕೋಟೆ ಜಿಲ್ಲೆ)

ಉಪಾಧ್ಯಕ್ಷರು:
ಶ್ರೀ ಹೆಚ್. ವಿ. ರಮೇಶ್, ರೈತರು
ಅಧ್ಯಕ್ಷರು, ಹೇಮನಹಳ್ಳಿ. ನಿ.ಬ.ಸ.ಸ. (ಕೆ.ಆರ್.ಎಸ್)
ಮದ್ದೂರು, ಮಂಡ್ಯ ಜಿಲ್ಲೆ

ಕಾರ್ಯದರ್ಶಿ:
ಶ್ರೀಮತಿ ಎ.ಆರ್. ಸುಧಾಮಣಿ, ರೈತರು
ಅಧ್ಯಕ್ಷರು, ಹನಗೋಡು ನಿ.ಬ.ಸ.ಸ (ಹಾರಂಗಿ)
ಮಹಿಳಾ ಹೋರಾಟಗಾರರು, ಹುಣಸೂರು, ಮೈಸೂರು ಜಿಲ್ಲೆ

ಜಂಟಿ ಕಾರ್ಯದರ್ಶಿ:
ಶ್ರೀ ಜಿ.ಎಮ್. ಜಗದೀಶ್, ರೈತರು
ಗುಡುಮಗಟ್ಟೆ ನಿ.ಬ.ಸ.ಸ (ಭದ್ರಾ)
ಭದ್ರಾವತಿ, ಶಿವಮೊಗ್ಗ ಜಿಲ್ಲೆ.

ಖಜಾಂಚಿ:
ಶ್ರೀ ಎಂ. ಕುಬೇಂದ್ರಪ್ಪ, ರೈತರು
ಕಾರ್ಯದರ್ಶಿ ಗುಡುಮಗಟ್ಟೆ ನಿ.ಬ.ಸ.ಸ (ಭದ್ರಾ)
ಭದ್ರಾವತಿ, ಶಿವಮೊಗ್ಗ ಜಿಲ್ಲೆ

ಸದಸ್ಯರು :
ಶ್ರೀ ಕೃಷ್ಣಾಜಿ ಕಾಶಿದ್, ರೈತರು (ಕಿತ್ತಳಿ ನಿ.ಬ.ಸ.ಸ. ಮಲಪ್ರಭಾ)
ಶ್ರೀ ರಮೇಶ್ ಸುಳ್ಳಾದ್, ರೈತರು (ಹೆಬ್ಬಳಿ ನಿ.ಬ.ಸ.ಸ. ಮಲಪ್ರಭಾ)
ಶ್ರೀ ಕೆ.ಎಸ್. ಗಂಗಣ್ಣ, ರೈತರು (ಕೆರೆಕತ್ತಿಗನೂರು ಕೆರೆ ಅಭಿವೃದ್ಧಿ ಸಂಘ)
ಶ್ರೀ ಸಿ.ಬಿ. ಹಲ್ಲೂರ, ರೈತರು (ಹೆಬ್ಬಳಿ ನಿ.ಬ.ಸ.ಸ. ಮಲಪ್ರಭಾ)
ಶ್ರೀ ಜಿ.ಇ. ಪುಟ್ಟೇಶ, ರೈತರು (ಗುಡುಮಗಟ್ಟೆ ನಿ.ಬ.ಸ.ಸ ಭದ್ರಾ)
ಶ್ರೀ ಜಿ. ಪುಟ್ಟಪ್ಪ, ರೈತರು

•••

# ಪ್ರಗತಿ

ಗ್ರಾಮೀಣ ಅಧ್ಯಯನ ಹಾಗೂ ಅಭಿವೃದ್ಧಿಯ ರೈತರ ಸಂಸ್ಥೆ

## ನಾವು ಯಾರು ?

ಪ್ರಗತಿಯು ಮಳೆ, ಕೆರೆ, ಏತ ನೀರಾವರಿ ಹಾಗೂ ಅಣೆಕಟ್ಟುಗಳ ನೀರಿನ ಸಂಪನ್ಮೂಲಗಳ ಮೇಲೆ ಅವಲಂಬಿತರಾದ ಕರ್ನಾಟಕದ ವಿವಿಧ ಜಿಲ್ಲೆಗಳಿಂದ ದೂಡಿದ ರೈತರ ಸರ್ಕಾರೇತರ ಸಂಸ್ಥೆ. ಇಂದು, ಕೃಷಿ ಮತ್ತು ಗ್ರಾಮೀಣ ಅಭಿವೃದ್ಧಿಯಲ್ಲಿ ಬಹಳಷ್ಟು ಸಮಸ್ಯೆಗಳು ಕಂಡು ಬರುತ್ತವೆ. ಈ ಸಮಸ್ಯೆಗಳಿಗೆ ಕಾರಣ ರೈತರು ರಾಜ್ಯದೊಡನೆ ಸಂಪನ್ಮೂಲಗಳನ್ನು ಸೂಕ್ತವಾಗಿ ವ್ಯವಹರಿಸದೆ ಇರುವುದಷ್ಟೇ ಅಲ್ಲದೆ ತಮ್ಮೊಳಗೆ ಸದ್ಬಳಕೆ ಹಾಗೂ ಸಮರ್ಪಕ ವಿನಿಯೋಗವು ಇಲ್ಲದಿರುವುದು ಕಾರಣವಾಗಿದೆ. ಹಲವಾರು ಕಾರ್ಯಕ್ರಮಗಳ ವೈಫಲ್ಯತೆಗಳ ಹಿನ್ನೆಲೆಯಲ್ಲಿ ರೈತರಿಂದ ರೈತರಿಗೆ ಎನ್ನುವ ವಿಧಾನ ಗ್ರಾಮೀಣ ಪ್ರದೇಶಗಳಲ್ಲಿನ ಅಭಿವೃದ್ಧಿ ಕಾರ್ಯಕ್ರಮಗಳನ್ನು ಅನುಷ್ಠಾನಗೊಳಿಸುವತ್ತ ಉತ್ತಮ ಅಂಶವಾಗಿದೆ. ಪ್ರಗತಿಯು ರಾಜ್ಯಾದಾದ್ಯಂತ ರೈತರ ಜಾಲವನ್ನು ನಿರ್ಮಾಣಮಾಡುವ ಅಭಿವೃದ್ಧಿ ಪಥವು ಕೂಡ.

ಸಂಪನ್ಮೂಲಗಳ ಸಂದಾಯ, ತಂತ್ರಜ್ಞಾನ ಕುರಿತಾದ ಮೂಲ ಮಾಹಿತಿಯನ್ನು ಹೊಂದಲು ಸರ್ಕಾರದೊಂದಿಗೆ ಮತ್ತು ರೈತರನ್ನು ಅದರಲ್ಲೂ ಗ್ರಾಮೀಣ ಬಡ ರೈತರನ್ನು ಅಭಿವೃದ್ಧಿಯ ಹಾದಿಯಲ್ಲಿ ಉತ್ತೀರ್ಣಗೊಳಿಸುವುದು, ಅಭಿವೃದ್ಧಿ ಕಾರ್ಯಕ್ರಮಗಳಲ್ಲಿ ಭಾಗವಹಿಸುವ ವ್ಯಕ್ತಿಗಳ ಮತ್ತು ಇನ್ನುಳಿದ ನಿಯೋಗಗಳೊಡನೆ ಸಂವಾದ ನಡೆಸುವುದು ಪ್ರಗತಿಯ ಗುರಿಯಾಗಿದೆ. ಪ್ರಗತಿಯು ತನ್ನ ಉದ್ದೇಶಗಳನ್ನು ಕೆಳಕಂಡ ಕಾರ್ಯ ಚಟುವಟಿಕೆಗಳ ಮೂಲಕ ಸ್ಪಂದಿಸುವುದು.

## ಸಶಕ್ತಿಕರಣ :

ರೈತರ ಹಕ್ಕು ಮತ್ತು ಹೊಣೆಗಳ ಜಾಗೃತಿ, ಸಂಚಾಲನೆ, ಮಾರ್ಗದರ್ಶನ, ತರಬೇತಿ, ರೈತರ ಸಭೆ, ರೈತ ಸಮುದಾಯದ ಸಶಕ್ತಿಕರಣದತ್ತ, ಹಾಗೂ ಮಹಿಳಾ ಗುಂಪುಗಳನ್ನು ಸಂಘಟಿಸುವುದು.

## ನಿಯಮಾವಳಿ ಪ್ರತಿಪಾದನೆ :

ನಿಯಮಾವಳಿಗಳನ್ನು ರೂಪಿಸುವಲ್ಲಿ ಮತ್ತು ಕಾರ್ಯಗತ ಗೊಳಿಸುವಲ್ಲಿ ರೈತರು ಸ್ಥಳಿಯವಾಗಿ ಚರ್ಚಿಸಲು ಮತ್ತು ಅವರ ಬೇಡಿಕೆಗಳನ್ನು ವ್ಯಕ್ತಪಡಿಸಲು ಅನುವಾಗುವಂತಹ ಸಭೆಗಳನ್ನು ಸಂಘಟಿಸಿ ರೈತರ ಭಾಗವಹಿಸುವಿಕೆಯನ್ನು ಶ್ರುತ ಪಡಿಸುವುದು, WTO, GATT ಮುಂತಾದ ಬೆಳವಣಿಗೆಗಳ ಬಗ್ಗೆ ಮಾಹಿತಿಯನ್ನು ಒದಗಿಸುವುದು ಮತ್ತು ಆ ವಿಚಾರವಾಗಿ ಚರ್ಚಿಸಲು ವೇದಿಕೆಯ ನಿರ್ಮಾಣ ಮಾಡುವುದು

## ಅಧ್ಯಯನ :

ಗ್ರಾಮೀಣ ಅಭಿವೃದ್ಧಿಯ ಕುರಿತಾದ ಅಧ್ಯಯನ ಕೈಗೊಳ್ಳುವುದು ಮತ್ತು ಉತ್ತೇಜನ ನೀಡುವುದು.

## ಶಿಸ್ತು ಪಾಲನೆ :

ಬಳಕೆದಾರರಲ್ಲಿ ಸಂಪನ್ಮೂಲಗಳ ನಿರ್ವಹಣೆ ಮತ್ತು ಬಳಕೆಯಲ್ಲಿ ಕ್ರಮಬದ್ಧತೆಯನ್ನು ಅಳವಡಿಸಿ ಸಮರ್ಥವಾದಂತಹ ಅರ್ಥಿಕವಾದಂತಹ ಉಪಯೋಗಗಳನ್ನು ಮುಟ್ಟಿಸುವುದು.

## ತಂತ್ರಜ್ಞಾನ :

ಪರಿಸರ ಪೂರಕವಾದ ತಂತ್ರಜ್ಞಾನವನ್ನು ಗುರುತಿಸಿ ಉತ್ತೇಜನ ನೀಡುವಿಕೆ, ಸಂಪನ್ಮೂಲಗಳ ಸಮರ್ಥ ಬಳಕೆ, ರೈತರಿಗೆ ತರಬೇತಿ ಕಾರ್ಯಕ್ರಮಗಳನ್ನು ಹಮ್ಮಿಕೊಂಡು ಜಾಗೃತಿ ಮೂಡಿಸುವುದು.

## ಸಾಂಸ್ಥಿಕ ಸಂಪರ್ಕ :

ಸರ್ಕಾರೇತರ ಸಂಘಟನೆಗಳೊಡನೆ ಬಾಂಧವ್ಯ, ಸ್ಥಳಿಯ ಔಪಚಾರಿಕ, ಅನೌಪಚಾರಿಕ ಸಾಂಪ್ರದಾಯಿಕ ವಾದಂತಹ ಗ್ರಾಮೀಣ ಅಭಿವೃದ್ಧಿಯಲ್ಲಿ ತೊಡಗಿರುವ ಸಂಘಟನೆಗಳೊಡನೆ ಬಾಂಧವ್ಯ ಮತ್ತು ಉತ್ತೇಜನ ನೀಡುವುದು.

## ಪ್ರಕಟಣೆ :

ಅವತರಣಿಕೆಗಳನ್ನು ಹೊರತರುವಲ್ಲಿ ಮತ್ತು ವಾರ್ತಾಸಂಚಿಕೆಯನ್ನು ಪ್ರಕಟಿಸುವುದು, ಪುಸ್ತಕಗಳು, ಕರಪತ್ರ ಮತ್ತು ಬಿತ್ತಿ ಪತ್ರಗಳನ್ನು ರೈತರಿಗೆ ಸಕಾಲದಲ್ಲಿ ಮುಟ್ಟಿಸುವತ್ತ ಯಶಸ್ವಿಯಾಗಿ ಕೆಲಸ ನಿರ್ವಹಿಸುವುದು.

ಈ ಎಲ್ಲಾ ಚಟುವಟಿಕೆಗಳನ್ನು ನಡೆಸುವಲ್ಲಿ ನಮಗೆ ನಿಮ್ಮೆಲ್ಲರ ಸಹಕಾರ ಅತ್ಯಗತ್ಯ. ಸಹಾಯಧನ ಅಥವಾ ಇನ್ನಾವುದೇ ರೂಪದಲ್ಲಿ ಸಂಸ್ಥೆಗೆ ಸಹಕಾರ ನೀಡಲು ವಿನಂತಿಸುತ್ತಿದ್ದೇವೆ.

**<u>ഇതുവരെയുള്ള പുരോഗതി</u>**

1. 10.10.2001 ലെ ജനകീയ നിർവ്വഹണ കമ്മിറ്റിയിൽ എടുത്ത തീരുമാന പ്രകാരം *30.04.2002 ന് നിർദേശിക്കപ്പെട്ടിട്ടുള്ള 23 ജനവാസകേന്ദ്രങ്ങളുടെ സാമൂഹ്യ-സാമ്പത്തിക സ്ഥിതിവിവര കണക്ക് ശേഖരിച്ചിട്ടിണ്ട്.*
2.. പുനരധിവാസത്തിന് ഉദ്ദേശിച്ച സ്ഥലം 2001 ഒക്ടോബർ 21 ന് ബഹു: ശ്രീ. എൻ.ഡി. അപ്പച്ചൻ അവർകളുടെ നേതൃത്വത്തിൽ ജനകിയ കമ്മിറ്റി നേരിൽ കണ്ട് പരിശോധിച്ചു.
3. 30.01.2002 ലെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ എടുത്ത തീരുമാനപ്രകാരം മാനന്തവാടി എം.എൽ.എ ബഹു: ശ്രീമതി രാധാ രാഘവൻ അവർകളുടെ നിർദ്ദേശപ്രകാരം എടക്കോട് കോളനി പുനരധിവാസ പദ്ധതിയുടെ ആദ്യഘട്ടത്തിൽ ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്
4. മാറ്റപ്പെടുന്ന ജനവാസകേന്ദ്രങ്ങളിലെ കുഴിക്കൂറുകൾ സംബന്ധിച്ച കണക്കെടുപ്പ് റവന്യൂ, കൃഷി, വനം വകുപ്പുദ്യോഗസ്ഥർ യോജിച്ച് 30.07.2002 ന് പൂർത്തയാക്കിയിട്ടുണ്ട്.
5. 09.08.2002 എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ എടുത്ത തീരുമാനപ്രകാരം കുടുംബങ്ങളെ സംബന്ധിച്ച് ശേഖരിച്ച സ്ഥിതിവിവര കണക്കുകൾ 31.08.2002 ന് മുമ്പ് തന്നെ ബന്ധപ്പെട്ട റെയിഞ്ചാഫീസർമാർ നേരിൽ പരിശോധിച്ച് വിവരങ്ങൾ ക്രോഡീകരിച്ചിട്ടുണ്ട്
6. മാറ്റിപ്പാർപ്പിക്കാൻ ഉദ്ദ്യേശിച്ച സ്ഥലം സംബന്ധിച്ച് മാപ്പുകൾ (1:50000) 15.09.2002 ന് തയ്യാറിയിട്ടുണ്ട്.

ഇതിനുശേഷം ആദിവാസി കൈയ്യേറ്റ സമരങ്ങളുടെ ഭാഗമായി നേരത്തെ പുനരധിവാസത്തിന് വേണ്ടി ഉദ്ദ്യേശിച്ചിരുന്ന സ്ഥലങ്ങളായ എസ് വളവ്, ആവയൽ, സി.സി.വാകേരി എന്നിവ ആദിവാസി ക്ഷേമ സമിതിയുടെ നേതൃത്വത്തിൽ കൈയ്യേറപ്പെട്ടിരിക്കുകയാണ്. അതിന്റെ പശ്ചാത്തലത്തിൽ പുതിയ സ്ഥലങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട്. ആയത് ജനകീയ കമ്മിറ്റി പരിശോധിച്ച് വിലയിരുത്തേണ്ടതാണ്.

മാറ്റിപ്പാർപ്പിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ആദിവാസികൾക്ക് വീടുകൾ നിർമ്മിച്ചു കൊടുക്കുന്നതിനും മറ്റ് താമസക്കാർക്ക് വെള്ളം വൈദ്യുതി, റോഡ് തുടങ്ങിയ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് എത്ര തുക വേണ്ടി വരും എന്നത് സംബന്ധിച്ച് ഏകദേശ കണക്കുകൾ തയ്യാറാക്കേണ്ടതുണ്ട്.

ടി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ തുക സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്.

**<u>ഭാവി പരിപാടി</u>**

1. കണ്ടെത്തിയ പുതിയ സ്ഥലങ്ങൾ പരിശോധിക്കുക.
2. നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് യഥാർത്ഥ അവകാശികൾക്ക് പരിഗണന നൽകുക.
3. റവന്യൂ ഭൂമിയിലെ താമസക്കാരുടെ സ്ഥലങ്ങൾ സർക്കാറിലേക്ക് തിരിച്ചെടുക്കുന്ന നടപടികൾ പൂർത്തിയാക്കുക.
4. നൂൽപ്പുഴ, പുതുതായി കണ്ടെത്തിയ സ്ഥലങ്ങളിൽ വനസംരക്ഷണ നിയമനുസരിച്ചുള്ള അനുവാദം ലഭിക്കേണ്ടതിലേക്കുള്ള അപേക്ഷ അയയ്ക്കുക.
5. വിവിധ വിഭാഗങ്ങൾക്കുള്ള "കോമ്പൻസേറ്ററി പക്കേജ്" തയ്യാറാക്കുക.

# ശ്രീമതി. മേധാപട്കർ നയിക്കുന്ന ദേശീയ പ്രക്ഷോഭയാത്ര

## ദേശ് ബച്ചാവോ-ദേശ്ബനാവോ അഭിയാൻ

## (രാജ്യത്തെ രക്ഷിക്കൂ-രാജ്യത്തെ നിർമിക്കൂ)

## ജനുവരി 26-ന് പാലക്കാട് ജില്ലയിൽ പ്ലാച്ചിമടയിലെ കൊക്ക-കോള സമരഭൂമിയിൽ നിന്നാരംഭിക്കുന്നു

**രക്ഷാധികാരികൾ**

സർവ്വശ്രീ. നാരായൺജി
(സ്വാതന്ത്ര്യസമരസേനാനി)

എൻ.എൻ. കൃഷ്ണദാസ്
എം.പി.

വി.സി. കബീർ, എം.എൽ.എ

കെ.ഇ. ഇസ്മയിൽ

പി. ബാലൻ

പ്രൊഫ. പി.എ. വാസുദേവൻ

**ചെയർമാൻ**

കെ.പി. സുരേഷ്‌രാജ്

**വൈസ് ചെയർമാൻ**

1. പി. അരവിന്ദാക്ഷൻ
2. ടി.എസ്. രഘുലാൽ

**ജന. കൺവീനർ**

പി. സുന്ദരരാജൻ

**ജോ. കൺവീനർ**

1. വിളയോടി വേണുഗോപാൽ
2. മുഹമ്മദ് ഇക്ബാൽ

ആഗോളവൽക്കരണത്തിന്റെയും, വർഗീയവൽക്കരണത്തിന്റെയും പരീക്ഷണശാലയായി നമ്മുടെ നാട് മാറിക്കൊണ്ടിരിക്കുന്നു. ഒരു ഭാഗത്ത് ആഗോളവൽക്കരണം രാജ്യത്തിന്റെ സ്വാതന്ത്ര്യത്തെയും, സ്വാശ്രയത്വത്തെയും തകർത്ത് ജനജീവിതത്തെ ഗുരുതരമായപ്രതിസന്ധികളിലേക്ക് നയിച്ചുകൊണ്ടിരിക്കുമ്പോൾ, മറുഭാഗത്ത് വർഗീയവൽക്കരണം മതേതരത്വത്തെ നിഷേധിച്ച് വ്യത്യസ്ത മതവിഭാഗങ്ങൾ തമ്മിലുള്ള സംഘർഷത്തെ വളർത്തിയെടുക്കുന്നു.

സമസ്തമേഖലകളിലും ആഗോളവൽക്കരണത്തിന്റെ പേരിൽ നടക്കുന്ന പരീക്ഷണങ്ങളുടെ പ്രത്യാഘാതങ്ങൾ പ്രതിഫലിച്ചു തുടങ്ങിയിരിക്കുന്നു. ഈ സാഹചര്യത്തിൽ ആഗോളവൽക്കരണത്തിനും വർഗീയതയ്ക്കുമെതിരെ ദേശീയ തലത്തിൽ ശക്തമായ പ്രതിരോധം അനിവാര്യമായിരിയ്ക്കുന്നു. രാജ്യത്തിന്റെ സ്വാതന്ത്ര്യവും, സ്വാശ്രയത്വവും, സുസ്ഥിര വികസനവും ഊന്നുന്ന വ്യക്തികളുടെയും, പ്രസ്ഥാനങ്ങളുടെയും വിശാലമായ ഐക്യനിര എന്ന ആശയവുമായി നർമദാ പ്രക്ഷോഭ പ്രവർത്തക ശ്രീമതി. മേധാപട്കറുടെ നേതൃത്വത്തിൽ ദേശീയ പ്രക്ഷോഭയാത്ര സംഘടിപ്പിക്കുന്നത് ഈ ഒരു ലക്ഷ്യം മുൻ നിർത്തിയാണ് ജനുവരി 26-ന് പ്ലാച്ചിമടയിൽ നിന്നാരംഭിക്കുന്ന യാത്ര മാർച്ച് 28-ന് അയോദ്ധ്യയിൽ സമാപിക്കും. അമിതമായ ഭൂഗർഭജല ചൂഷണത്തിലൂടെ ചുറ്റുമുള്ള പ്രദേശങ്ങളിൽ വരൾച്ചയും കുടിവെള്ളക്ഷാമവും സൃഷ്ടിക്കുന്ന കൊക്ക-കോള കമ്പനിക്കെതിരെ കഴിഞ്ഞ എട്ടു മാസങ്ങളായി ജനകീയ സമരം നടക്കുന്ന, പാലക്കാട് പ്ലാച്ചിമടയിൽ നിന്ന് 3 മണിക്ക് ആരംഭിക്കുന്ന ജനകീയ പ്രക്ഷോഭയാത്രയിൽ യോഗേന്ദ്രയാദവ്, കുൽദിപ്നയ്യാർ, സന്ദീപ്പാണ്ഡെ, അരുണാറോയ്, ചെന്നയ്യ, അരുന്ധതീറോയ്, ഫാ. തോമസ് കോച്ചേരി, സുരേന്ദ്രമോഹൻ തുടങ്ങിയ അൻപതോളം പ്രമുഖ നേതാക്കൾ പങ്കെടുക്കും. ദേശീയപ്രാധാന്യമുള്ള ജനകീയ പ്രക്ഷോഭയാത്രയുടെ വിജയത്തിന് പരമാവധി സഹായവും സഹകരണവും അഭ്യർത്ഥിക്കുന്നു.

സംഘാടകസമിതിക്കുവേണ്ടി,

| | |
|---|---|
| **പി. സുന്ദരരാജൻ** | **കെ.പി. സുരേഷ്‌രാജ്** |
| ജനറൽ കൺവീനർ | ചെയർമാൻ |

ആശംസകളോടെ....

**കാർഡ് ഷോപ്പ്**

MOOPAN COMPLEX, R.S. ROAD, PALAKKAD
PHONE : 2537788, 2538899

■ GREETING CARDS
■ INVITATION CARDS
■ PRINTING

# കബനി രക്ഷായജ്ഞം

ചരിത്രത്തിൽ ആദ്യമായി കഴിഞ്ഞ വർഷം കബനിനദിയിൽ ഒഴുക്ക് നിലച്ചു. ഏതൊരു നാടിന്റെയും ജീവനാഡികളാണ് അതിലൂടെ ഒഴുകുന്ന തോടുകളും പുഴകളും. പുഴകൾ മരിച്ച നാട് രക്തചംക്രമണം നിലച്ച ശരീരം പോലെയാണ്.

വയനാട്ടിലെ ജലസ്രോതസ്സുകളുടെ ഇന്നത്തെ അവസ്ഥ മനസ്സിലാക്കിയാൽ വയനാട്ടിലെ കാർഷിക പ്രതിസന്ധിയുടെയും, മറ്റു മൂലകാരണങ്ങൾക്കായി മറ്റെങ്ങും അന്വേഷിക്കേണ്ടതില്ല. കബനിയുടെ ഉത്ഭവ സ്ഥാനങ്ങളിലെ പുൽമേടുകളുടേയും കാടുകളുടേയും നാശം, വയൽ നികത്തിയുള്ള കൃഷിയും, കെട്ടിട നിർമ്മാണവും, ഏകവിളത്തോട്ടങ്ങളുടെ വ്യാപനം എല്ലാം ഒരു കാലത്ത് സുജലവും സുഫലവുമായിരുന്ന വയനാടിനെ മരുഭൂമിയാക്കിക്കൊണ്ടിരിക്കുകയാണ്. പരിസ്ഥിതി പുനഃസ്ഥാപനമാണ് വയനാടിന്റെ പുനരുജ്ജീവനത്തിനുള്ള ഏക പോം വഴി.

പുൽമേടുകളും, കാടുകളും കാട്ടുതീയിൽ നിന്നും ടൂറിസത്തിൽ നിന്നും മറ്റും സംരക്ഷിക്കപ്പെടണം; വയനാടിനിണങ്ങുന്ന പരമ്പരാഗത കൃഷിരീതികൾ പുനരുജ്ജീവിപ്പിക്കണം; തലച്ചിറകളും കുളങ്ങളും വീണ്ടെടുക്കണം; അനധികൃതമായ മണൽ വാരലും കരിങ്കൽ ഖനനവും തടയണം; മണ്ണും വെള്ളവും മലിനമാക്കുകയും നാട്ടിൽ മുഴുവൻ ക്യാൻസർ പരത്തുകയും ചെയ്യുന്ന അമിത കീടനാശിനി പ്രയോഗം നിരുത്സാഹപ്പെടുത്തണം; പൊതു സ്ഥലങ്ങളിലും സ്വകാര്യ സ്ഥലങ്ങളിലും വൻതോതിൽ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കണം; റോഡരികുകളിലും മറ്റുമുള്ള വൃക്ഷങ്ങൾ വെട്ടി നശിപ്പിക്കുന്നത് തടയണം; ഇളം തലമുറയിൽ പരിസ്ഥിതി നാശത്തിന്റെ പ്രത്യാഘാതങ്ങളെപ്പറ്റി പൊതുവേയും വയനാടിന് സംഭവിക്കാവുന്ന മരണത്തെപ്പറ്റി വിശേഷിച്ചും ബോധവത്ക്കരണം നൽകണം. അങ്ങനെ വയനാടിന്റെ നഷ്ടപ്പെട്ട വയനാടത്തം വീണ്ടെടുക്കാനുള്ള ഒരു തീവ്രയജ്ഞ പരിപാടി ഇന്ന് ഉദ്ഘാടനം ചെയ്യപ്പെടുകയാണ്. ഒരു വർഷത്തെ ഏകോപിതമായ പ്രവർത്തനങ്ങളിലൂടെ വയനാട്ടിലെ മണ്ണും മനുഷ്യരും നേരിടുന്ന പ്രശ്നങ്ങൾ ജനശ്രദ്ധയിൽ കൊണ്ടുവരാനും, അവയ്ക്ക് പരിഹാരം നിർദ്ദേശിക്കാനും, കേരളത്തിലും പുറത്തുമുള്ള വിദഗ്ധരുടെ സഹായത്തോടെ സമിതി ശ്രമിക്കുന്നതാണ്.

ഈ ഒരു കൊല്ലക്കാലത്തിനകം ചെയ്തു തീർക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ ഒരു രൂപ രേഖയാണ് ഇനി പറയുന്നത്.

1. വയനാട്ടിൽ മാത്രമല്ല, കേരളത്തിലെവിടേയും വനശോഷണത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന് കാട്ടുതീയാണ്. കാട്ടു തീ തടയാനുള്ള ജനകീയ പ്രവർത്തനങ്ങൾ ഫെബ്രുവരി - ഏപ്രിൽ മാസങ്ങളിൽ ഏറ്റെടുത്ത് നടത്തുക.
2. ജലസംരക്ഷണത്തെപ്പറ്റി മാർച്ച് മാസത്തിൽ വിവിധ സ്ഥലങ്ങളിൽ ബോധവത്ക്കരണ പരിപാടി.
3. എക്കോ ടൂറിസം വയനാട്ടിലെ അവശേഷിക്കുന്ന കാടുകൾക്കും നീർച്ചാലുകൾക്കും സംസ്ഥാനത്തിനു തന്നെയും കടുത്ത ഭീക്ഷണിയായിരിക്കുകയാണ്. ഈ പ്രശ്നത്തെപ്പറ്റി ആഴത്തിലുള്ള സംവാദം.
4. തോടുകളുടേയും നീർച്ചാലുകളുടേയും കരകളിലെ കാട് വെട്ടി കല്ല് കെട്ടുന്നതിനെതിരെ പ്രചാരണം - തെരഞ്ഞെടുത്ത പുഴയോരങ്ങളിൽ വനവത്ക്കരണം.
5. നാടൻ വൃക്ഷങ്ങളുടെ വിത്തുകൾ ശേഖരിച്ച് തൈകളുണ്ടാക്കി വിതരണം നടത്തുകയും നടുകയും ചെയ്യുക.
6. വയൽനാടായിരുന്ന വയനാട്ടിൽ നെൽകൃഷിയും നാടൻ വിത്തിനങ്ങളുടെ കൃഷിയും നിലനിർത്താനും പുനരാരംഭിക്കാനുമുള്ള പ്രവർത്തനങ്ങൾ - നശിച്ചുപോയ തലച്ചിറകൾ പുനഃസൃഷ്ടിക്കുക.
7. കീടനാശിനികളും രാസവളങ്ങളും ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെപ്പറ്റി സമഗ്രമായ പഠനവും ബോധവത്ക്കരണവും.
8. അനധികൃത മണൽ - കരിങ്കൽ ഖനനത്തിനെതിരെ പ്രതിരോധം ഏകോപിപ്പിക്കുക.
9. വയനാട്ടിലെ സസ്യ - ജന്തു വൈവധ്യങ്ങളെക്കുറിച്ചുള്ള പഠനപരിപാടികൾ - ഫോട്ടോ പ്രദർശനം.
10. വയനാടിന്റെ പാരിസ്ഥിക ചരിത്രത്തെക്കുറിച്ച് സെമിനാർ.
11. കബനിയുടെ തീരങ്ങളിലൂടെ പദയാത്ര.
12. വയനാടിന്റെ പാരിസ്ഥിക അവസ്ഥയെപ്പറ്റി വിദഗ്ധരുടെ സഹായത്തോടെ ജനകീയ റിപ്പോർട്ട് പ്രസിദ്ധീകരിക്കുക.

പ്രായോഗികമായി സാധ്യമായ മറ്റ് പ്രവർത്തനങ്ങളെപ്പറ്റി ആർക്കും നിർദ്ദേശങ്ങൾ നൽകാവുന്നതാണ്. അവ സമിതി തുറന്ന മനസ്സോടെ പരിഗണിക്കും.

വയനാട് പ്രകൃതി സംരക്ഷണ സമിതിക്കുവേണ്ടി

എൻ. ബാദുഷ
പ്രസിഡണ്ട്
Ph : 04936 - 270222

ബാബു മൈലമ്പാടി
സെക്രട്ടറി
Ph : 04936 - 222024

WYNAD PRAKRITHI SAMRAKSHANA SAMITHI
SULTAN'S BATTERY-673 592
KERALA

...ident / Secretary.

Phone: 622024
(0493)

## പത്രക്കുറിപ്പ്

വയനാട് വന്യജീവി കേന്ദ്രം ആന കള്ളക്കടത്തുകാരുടെ വന്യജീവികളുടെ കുരുതിക്കളമായി മാറിയിരിക്കുകയാണ്. ആനവേട്ടയും വനം കൊള്ളയും കള്ളവാറ്റും തൊഴിലാക്കിയ പത്തിലധികം സംഘങ്ങൾ മുത്തങ്ങയിലും നായ്ക്കട്ടിയിലും പുൽപ്പള്ളിയിലും തോൽപ്പെട്ടിയിലുമായി സ്വൈര്യവിഹാരം നടത്തുന്നു. ഇതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ്, കഴിഞ്ഞ ദിവസം മുത്തങ്ങയിൽ വിഷം ചേർത്ത വാഴക്കിഴങ്ങ് ഒരു കൊമ്പൻ മരിക്കാനിടയായ സംഭവം. ഇതിന് പുറമെ ശാസ്ത്രീയ ഗവേഷണങ്ങളുടെ പേരിൽ കഴിഞ്ഞ ദശാബ്ദത്തിനിടയിൽ നൂറിലധികം ആനകൾ വയനാട് വനമേഖലയിൽ കൊല്ലപ്പെട്ടിട്ടുണ്ട്. ഏഷ്യൻ ആനകളുടെ ഏറ്റവും വലിയ ആവാസ കേന്ദ്രത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഈ ദുരന്തത്തിന് അറുതിവരുത്തണമെന്ന് ബത്തേരി ലയൺസ് ചർച്ച് ഹാളിൽ ചേർന്ന ~~പ്രകൃതി~~ [illegible] പ്രവർത്തകരുടെ യോഗം ആവശ്യപ്പെട്ടു. യോഗത്തിൽ പ്രകൃതി സംരക്ഷണ സമിതി പ്രസിഡണ്ട് ബാബു മൈലമ്പാടി അദ്ധ്യക്ഷം വഹിച്ചു. എൻ. ബാദുഷ, പൃഥിരാജ് മൊടക്കല്ലൂർ, ടി.കെ. ഇബ്രാഹി, എം. ഗംഗാധരൻ, ഡോ. അമ്പി ചിറയിൽ, കെ.കെ. സുരേന്ദ്രൻ തുടങ്ങിയവർ പ്രസംഗിച്ചു.

അടുത്ത കാലത്ത് പിടിയിലായ ആന

# WYNAD PRAKRITHI SAMRAKSHANA SAMITHI
**SULTAN'S BATTERY-673 592**
**KERALA**

President / Secretary

വേട്ടസംഘത്തെ രക്ഷിക്കുന്നതിന് വേണ്ടി, രംഗ
ത്തിറങ്ങിയ വനംവകുപ്പിലെ ഉന്നത ഉദ്യോ
ഗസ്ഥരേയും രാഷ്ട്രീയക്കാരേയും ജനമദ്ധ്യത്തിൽ
തുറന്നുകാണിക്കുന്നതിനുള്ള ഉപരോധ പരിപാടി
കൾക്ക് ആവിഷ്ക്കരിക്കുന്നതിന് യോഗം
തീരുമാനിച്ചു. അന്താരാഷ്ട്ര തലത്തിൽ ആന
ക്കൊമ്പ് വിപണി വീണ്ടും തുറന്ന
കൊടുക്കാനുള്ള തീരുമാനമാണ് വയനാട്ടിലെ
ആനവേട്ട സംഘങ്ങൾ വീണ്ടും സജീവമാകാൻ
കാരണമെന്ന് യോഗം വിലയിരുത്തി.
ചാലിയാർ സംരക്ഷണ സമിതി നേതാവ്
കെ.എ. റഹ്മാന്റെ നിര്യാണത്തിൽ യോഗം
അനുശോചനം രേഖപ്പെടുത്തി. തോമസ്
അമ്പലവയൽ സ്വാഗതവും ടി.കെ. വാസു
നന്ദിയും പറഞ്ഞു.

President

**ആദിവാസികൂട്ടക്കൊല ഭൂപ്രശ്നത്തെ കുഴിച്ച്മൂടാൻ**

# ആദിവാസി കൂട്ടക്കൊലക്കെതിരെ
# മാർച്ച് 9 ന് രാവിലെ 10 മണി മുതൽ
# ബത്തേരി (കമ്മ്യൂണിറ്റി ഹാൾ)

## ജനാധിപത്യ പ്രതിരോധകൺവെൻഷൻ
## ബഹുജനറാലി, പൊതുസമ്മേളനം
## ചിത്രകാരന്മാരുടെ പ്രതിരോധാവിഷ്ക്കാരം

പങ്കെടുക്കുന്നവർ :

സുകുമാർ അഴീക്കോട്, കെ. പാനൂർ, എം. എൻ. രാവുണ്ണി, ഭഗവതി മൂപ്പൻ, അഡ്വ: മഞ്ചേരി സുന്ദർരാജ്, പി. വത്സല, സാറ ജോസഫ്, നാരായൻ, അഡ്വ: പി. എ. പൗരൻ, സുബ്രഹ്മണ്യൻ, ഡോ: ഡി. സുരേന്ദ്രനാഥ്, എം. എൻ. കാരശ്ശേരി, അഡ്വ: സാബിജോസഫ്, സദാനന്ദൻ, സി. വി. രാമൻ, അഡ്വ: മധുസുദനൻ, സി. ആർ. നീലകണ്ഠൻ, അഡ്വ: നന്ദിനി, അംബുജാക്ഷൻ, സി. എസ്. ചന്ദ്രിക, എം. ഡി. തോമസ്, ഡോ: പി. ഗീത, ജിയോജോസ്, ജോൺ പെരുവന്താനം.

ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ രൂപീകരിച്ച ജ: സുരേഷ്, എം. ടി. വാസുദേവൻ നായർ, കെ. പാനൂർ, അഡ്വ: മഞ്ചേരി സുന്ദർരാജ്, മുർക്കോത്ത് രാവുണ്ണി തുടങ്ങി പ്രമുഖർ അംഗങ്ങളായ ജനകീയ അന്വേഷണ കമ്മീഷൻ കൺവെൻഷനിൽ വെച്ച് തെളിവു ശേഖരിക്കുന്നു.

നാളിതുവരെ മാറിമാറി ഭരിച്ച ഇടതു - വലതു സർക്കാറുകൾ തുടർന്നുവന്ന ആദിവാസി വിരുദ്ധ വൻകിട ഭൂ ഉടമാ അനുകൂല നയങ്ങൾ ബഹുഭൂരിപക്ഷം ആദിവാസികളെ ദരിദ്രരും ഭൂരഹിതരുമാക്കിമാറ്റി. പല കാലങ്ങളിലായി ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ച് അതേ സമയം കൃഷിയോഗ്യമല്ലാത്ത പാറക്കെട്ടുകൾ വിതരണം ചെയ്ത് ഇവർ ആദിവാസികളേയും മുഴുവൻ സമൂഹത്തേയും വഞ്ചിക്കുകയായിരുന്നു. ഇത്തരമൊരു സാഹചര്യത്തിലാണ് പല തലങ്ങളിലായി ആദിവാസി ഭൂസമരങ്ങൾ ശക്തമായി ഉയർന്നുവന്നത്. മുത്തങ്ങയിൽ ആദിവാസി ഗോത്രസഭയുടെ നേതൃത്വത്തിൽ ഭൂസമരം ആരംഭിച്ചതും ഈ പശ്ചാത്തലത്തിലാണ്. മരിച്ചാൽ കുഴിച്ചിടാൻപോലും ഒരു തുണ്ടുഭൂമിയില്ലാത്ത ആദിവാസികൾ ഭൂമിക്ക് വേണ്ടി നടത്തിയ സമരത്തിന് നേർക്കാണ് ഏറ്റവും നിഷ്ഠൂരമായ രീതിയിൽ ഭരണാധികാരികൾ പോലീസിനെ അഴിച്ച് വിട്ടതും കൂട്ടക്കൊല നടത്തിയതും. ഒരു പറ്റം കപട പരിസ്ഥിതിവാദികളെ ഉപയോഗപ്പെടുത്തി വംശീയ വെറി സൃഷ്ടിച്ച്കൊണ്ട് ഭരണാധികാരികൾ നടത്തിയ അറുകൊല മുഴുവൻ മനുഷ്യസ്നേഹികളേയും ഞെട്ടിക്കുന്നതാണ്. മതികെട്ടാൻവനം കയ്യേറ്റ മാഫിയകൾക്ക് കൂട്ടുനിന്ന ഈ ഭരണാധികാരികൾ ആദിവാസികളെയും അവരെ പിന്തുണയ്ക്കുന്നവരേയും വനം കയ്യേറ്റക്കാരും ഭീകരവാദികളുമായി ചിത്രീകരിച്ച് കോളനികളിലും മറ്റും പോലീസിനെ അഴിച്ച് വിട്ട് ഇപ്പോഴും തേർവാഴ്ച നടത്തുകയാണ്. മരണപ്പെട്ടവരുടേയോ കണാതായവരുടേയോ കണക്കുകൾ പോലും ഇന്നും ലഭ്യമല്ല. സമഗ്രമായൊരു അന്വേഷണത്തിന് പോലും സർക്കാർ തയ്യാറായിട്ടില്ല. മാധ്യമ പ്രവർത്തകർ പോലും ഭരണകൂടഭീകരതക്കിരയായി കഴിഞ്ഞു. മുത്തങ്ങ മാത്രമല്ല മുഴുവൻ വയനാടും ഇവരിന്നൊരു ചുടല കളമാക്കി മാറ്റി കഴിഞ്ഞു.

ജനാധിപത്യത്തിന്റെ അടിസ്ഥാനം വംശീയ ന്യൂനപക്ഷങ്ങളുടെ ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്തലാണ്. ഈ അടിസ്ഥാന സങ്കല്പത്തെയാണ് ആദിവാസികൂട്ടക്കൊലയിലൂടെ ആന്റണി കശാപ്പ് ചെയ്തിരിക്കുന്നത്. ആദിവാസികളെ കുടിയിറക്കാൻ കേരള സർക്കാരിനു മുകളിൽ സമ്മർദ്ദം ചെലുത്തിയ കേന്ദ്രസർക്കാരും അവരെ നിയന്ത്രിക്കുന്ന ബി. ജെ. പി. യും ഈ കൂട്ടക്കൊലയിൽ പങ്കാളികളാണ്. ഭരണകൂടം അടിമുടി ഫാസിസ്റ്റ്വത്ക്കരിക്കപ്പെട്ട്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ജനാധിപത്യ പുരോഗമനവിപ്ലവശക്തികൾ ഐക്യപ്പെട്ടേ മതിയാവൂ. ആദിവാസി ഭൂപ്രശ്ന പരിഹാരത്തിന് സർക്കാറിൽ സമ്മർദ്ദം ചെലുത്തുന്നതിനും കൂട്ടക്കൊലക്കുത്തരവാദികളായവരെ ശിക്ഷിക്കുന്നതിനും, കോളനികളിലെ പോലീസ് ഭീകരത അവസാനിപ്പിക്കുന്നതിനും മുത്തങ്ങയിലും വയനാട്ടിലും ജനാധിപത്യഅന്തരീക്ഷം പുനസ്ഥാപിക്കുന്നതിനും സമരം ചെയ്യാനുള്ള അടിസ്ഥാന അവകാശത്തെ നിലനിർത്താനും വികസിപ്പിക്കാനും ഇത്തരമൊരു ഐക്യപ്പെടലിലൂടെ സാധ്യമാവൂ. ഈ ലക്ഷ്യങ്ങളെ മുൻനിർത്തി ഇപ്പോൾ രൂപപ്പെട്ട്വരുന്ന ബഹുജനഐക്യത്തെ ഉത്തേജിപ്പിച്ച്കൊണ്ട് ആദിവാസി കൂട്ടക്കൊലക്കെതിരെ ജനാധിപത്യ കൺവൻഷനും, റാലിയും, പൊതുസമ്മേളനവും മാർച്ച് 9ന് ബത്തേരിയിൽ നടത്തുന്നു.

കൺവെൻഷൻ വിജയിപ്പിക്കാൻ മുഴുവൻ ജനങ്ങളും ഒന്നിക്കുക.

★ ആദിവാസി ഭൂപ്രശ്നം ഉടൻ പരിഹരിക്കുക

★ മുഴുവൻ ആദിവാസികളേയും വിട്ടയക്കുക

★ കൂട്ടക്കൊലക്കുരുതിക്കുത്തരവാദികളായവരെ ശിക്ഷിക്കുക

★ കൂട്ടക്കൊലയെക്കുറിച്ച് ജൂഡീഷ്യൽ അന്വേഷണം നടത്തുക

★ പോലീസ് ഭീകരത അവസാനിപ്പിക്കുക

★ ആദിവാസികൂട്ടക്കൊല ഭൂപ്രശ്നത്തെ കുഴിച്ച് മൂടാൻ

★ ജനാധിപത്യ പുരോഗമന വിപ്ലവശക്തികൾ ഐക്യപ്പെടുക

*സംഘാടക സമിതി*

**ചെയർമാൻ**

**അഡ്വ: പി.എ. പൗരൻ**

**ജ : കൺവീനർ**

**റഷീദ് സി.പി.**

കമല, കാലിക്കറ്റ് - 1. ✆ 2721020

# മഹിഷാസുര മർദ്ദനം
# അഥവാ
# പരിസ്ഥിതി സെമിനാർ



'വയനാട് പ്രകൃതി സംരക്ഷണ സമിതി' എന്ന പെരുമപെറ്റ സംഘടനാ നാമം പത്രവായന പതിവുള്ള കേരളീയൻ അത്രപെട്ടെന്ന് മറക്കാനിടയില്ല. ക്രൂരതയുടെയും അധഃസ്ഥിത വർഗ്ഗവിരോധത്തിന്റെയും ആൾരൂപങ്ങൾ ഈ സംഘടനയുടെ പേരിനു പുറകിൽ ഒളിച്ചിരിപ്പു ണ്ടെന്ന് കേരളം വൈകിയാണറിഞ്ഞത്. മുത്തങ്ങ ദുരന്തത്തോടെ മാത്രം.

വയനാട് അതിന്റെ ചരിത്രത്തിൽ ഇന്നേവരെ കണ്ട മുഴുവൻ പരിസ്ഥിതി പ്രതിരോധത്തിന്റെയും പാറ്റന്റ് നേടി നൂൽപ്പുഴയിലെ ആദിവാസി ഊരുകളിലെ കുഷ്ഠരോഗം വരെ മന്ത്രസിദ്ധി കൊണ്ടു മാറ്റി, പത്രസമ്മേളനങ്ങൾ വഴിയും ലഘുലേഖകൾ വഴിയും വിളംബരം ചെയ്ത് ഒടുവിൽ മുത്തങ്ങയിലെ നരനായാട്ടിനുശേഷം ആദിവാസി വിരുദ്ധ നിലപാടുകൾക്ക് ഔദ്യോഗിക അംഗീകാരം നേടാൻ വേണ്ടി 239/03 നമ്പറായി അതു രജിസ്റ്റർ ചെയ്യപ്പെട്ട വിവരം മറ്റൊരു തിട്ടൂരം വഴി മാലോകരെ അറിയിച്ചിരിക്കുകയാണീ വർണ്ണവെറിയന്മാർ. പോരാഞ്ഞിട്ടിതാ ജൂൺ 5 ലോകഭൗമദിനത്തിൽ ഈ കുപ്രസിദ്ധരുടെ കൂട്ടായ്മ 'ആദിവാസികളും പരിസ്ഥിതിയും' എന്ന വിഷയത്തെക്കുറിച്ച് സെമിനാർ സംഘടിപ്പിച്ചിരിക്കുന്നു. മുയലിനോടൊപ്പം ഓടുകയും ചെന്നായ്ക്കൾക്കൊപ്പം വേട്ടയാടുകയും ചെയ്യുന്ന ഹൈടെക് പരിസ്ഥിതി പദ്ധതി.

ഇതിൽ നിന്നും തന്നെ ഇവരുടെ മുത്തങ്ങയിലെ ഗൂഢലക്ഷ്യങ്ങൾ വ്യക്തമാണ്. ജാനു തിരുനെല്ലിയിൽ തിരഞ്ഞെടുപ്പിനു നിന്നു തോറ്റു പോയ ജനപിന്തുണയില്ലാത്ത നേതാവാണെന്ന് വ്യാകുലപ്പെടുന്ന ലഘുലേഖ (പേജ് 8) സമിതിയുടെ പരമാത്മാവും നൂൽപ്പുഴ പഞ്ചായത്തിലെ ചന്ദനഗന്ധമുള്ള പാർട്ടിഗ്രൂപ്പ് നേതാവുമായ എൻ. ബാദുഷയ്ക്ക് കിട്ടിയ വോട്ടിന്റെ എണ്ണം കുറഞ്ഞ പക്ഷം നൂൽപ്പുഴക്കാരെങ്കിലും മറന്നുകാണില്ല എന്ന് ഓർത്തിരിക്കണമായിരുന്നു. ജാനുവിന്റെ തോൽവിക്ക് ഒരു അധഃസ്ഥിത വനിതയുടെ സ്വാഭാവിക പരാജയത്തിന്റെ മെറിറ്റ് അവകാശപ്പെടാമെങ്കിൽ ബാദുഷയുടേത് ജീർണ്ണ രാഷ്ട്രീയത്തിന്റെ മലീമസമായ പതനമായിരുന്നു.

മുത്തങ്ങയിലെ നരഹത്യയുടെ മേൽനോട്ടം സമിതിയിലെ നാൽവർ സംഘം കൈയ്യാളിയിരുന്ന നാളുകളിൽ സംഘപരിവാറിനു മംഗളപത്രം ചമച്ച ഒരു കവയിത്രിയുടെ സാരോപദേശം കൂടി കേരളം കേട്ടിരുന്നു. എന്തേ... പുതിയ മാമാങ്കത്തിന് പണ്ട് അട്ടപ്പാടിയെ വനവത്ക്കരിച്ച ഇപ്പോഴത്തെ 'അഭയ' മാതാവിനെകൂടി പങ്കെടുപ്പിക്കാതിരുന്നത്?

നർമ്മദാ തീരത്തെ പാപങ്ങളുടെ മേധാദീതിയും വിശ്വവിഖ്യാതയായ സാഹിത്യകാ രിയും സാമൂഹ്യപ്രവർത്തകയുമായ അരുന്ധതീ റോയിയും കേരളത്തിലെ ഇനിയും മരിച്ചിട്ടില്ലാത്ത സാഹിത്യ സാംസ്കാരിക പ്രവർത്തകരും നൂൽപ്പുഴയിലെ ഗൂഢസംഘത്തിന് ദുരന്തം കാണാനെത്തിയ ടൂറിസ്റ്റുകളാണ് (പേജ് 2 കോളം 1) ചരിത്രബോധമില്ലാത്ത ആദിവാസികൾ!

ഒരു വലിയ സമരത്തിന്റെ ചെറിയ ചെറിയ പാളിച്ചകളെ പോലും പർവ്വതീകരിക്കുന്ന വലതുപക്ഷ അവസരവാദവും ആദിവാസിയെ കൈയ്യേറ്റക്കാരനും കൈയ്യേറ്റക്കാരനെ തദ്ദേശവാസിയുമാക്കുന്ന ഗീബത്സിയൻ തന്ത്രവും ഈ ലേഖനത്തിൽ പ്രകടമായി കാണാം. ഒപ്പം സ്വന്തം ആശയത്തോടുള്ള പ്രതിബദ്ധത പോലെ സവർണ്ണ മനസ്സിന്റെ വിപൽസ്വരം ലേഖനത്തിലാകെ നിറഞ്ഞുനിൽക്കുന്നു.

അന്യാധീനപ്പെട്ട ആദിവാസി ഭൂമികൾ തിരിച്ചുപിടിക്കപ്പെടണം. ഫണ്ടഡ് ഏജൻസികൾ കുറ്റവിചാരണ ചെയ്യപ്പെടണം. അങ്ങനെ വരുമ്പോൾ അത്തരം ഏജൻസികളുടെ സൗഭാഗ്യങ്ങളുടെ പൂക്കാലത്ത് കൂടെ നിന്ന് തേൻ നുകർന്നവർ പ്രവാചകവേഷമണിയുന്നത് അപഹാസ്യമാണ്. അവരേത് പത്ര മുത്തശ്ശിയുടെ കോളമെഴുത്തുകാരായാലും.

ടിപ്പുവിന്റെ പടയോട്ട സ്മരണകളെ നിലനിർത്തുന്ന സമ്മേളന നഗരിയിൽ പുതിയകാലത്തിന്റെ ബാദുഷമാർ അധസ്ഥിതിതനു നേരെ ഇനിയും കൊലവിളി നടത്തും, വീണ്ടും തിന്മയുടെ തേരുരുളും. മുത്തങ്ങയിൽ നിങ്ങൾ കൊന്നുകളയാൻ കൊതിച്ച കറുത്ത കുഞ്ഞുങ്ങൾ വളരുകയാണ്. കപട പരിസ്ഥിതി വാദത്തിന്റെ സംഘടനാപേരുകൾക്ക് പുറകിലെ ഒളിത്താവളങ്ങളിൽ എന്നും നിങ്ങൾ സുരക്ഷിതരായിരിക്കുകയില്ല. ആദിവാസിയുടെ കറുത്ത മക്കളാൽ നിങ്ങൾ വേട്ടയാടപ്പെടും അന്ന് മുത്തങ്ങയിലെ അധഃസ്ഥിതന്റെ രക്തം വീണുകുതിർന്ന മണ്ണിൽ യഥാർത്ഥ പ്രകൃതി സ്നേഹത്തിന്റെ വിത്തുവീണു കിളിർക്കും. ചരിത്രകാരന്മാരോ പ്രബന്ധകാരന്മാരോ അല്ല ചരിത്രത്തിന്റെ വഴി നിർണ്ണയിക്കുന്നത് എന്ന് നാം മറന്നുകൂടാ. •

**വയനാട് കൾച്ചറൽ ഫോറം, മാനന്തവാടി**


മുത്തങ്ങയിൽ പാതകങ്ങൾ പേമാരിപോലെ പെയ്തിറങ്ങിയ നാളുകളിൽ ഒന്നെത്തിനോക്കാനെങ്കിലും തയ്യാറാവാത്ത ചരിത്ര പാരംഗതരും ശാസ്ത്രമേധാവികളും പക്ഷിനോട്ടക്കാരും ആ ദിവസങ്ങളിലെ സമിതിയുടെ മറവിലൊളിച്ച നാൽവർ സംഘത്തിന്റെ റോളെന്തായിരുന്നു എന്നന്വേഷിച്ചിട്ടു മതിയായിരുന്നില്ലെ ഭൗമദിനമാഘോഷിക്കാനുള്ള ഈ പടപുറപ്പാട്. മുൻസമിതി അംഗം കെ. കെ. സുരേന്ദ്രന്റെ കർണ്ണപുടം കച്ചുതകർക്കാൻ ഒത്താശ ചെയ്തവർ ഒരു ഗോത്ര വർഗ്ഗ സ്ത്രീയായ സി. കെ. ജാനു വിമോചനമന്ത്രമുരുവിട്ടതിന് കാതിൽ കാരീയം ഉരുക്കിയൊഴിക്കാതിരുന്നത് ഭാഗ്യമായെന്ന് സമാശ്വസിക്കാം നമുക്ക്.

കേരളത്തിലെ വനം മാഫിയക്കുവേണ്ടി എഴുതിച്ചേർത്ത പുതിയ വനനിയമങ്ങളിലെ അദ്ധ്യായങ്ങൾ കാണാപാഠം പഠിച്ച് പക്ഷികൾ മാത്രം പാറിനടക്കുന്ന കാടും വിദേശ നിർമ്മിത ക്യാമറകളും സ്വപ്നം കണ്ട് കഴിയുന്ന കേന്ദ്രസർക്കാർ ഉദ്യേഗസ്ഥനും, വനംവകുപ്പിൽ നിന്നും അനുബന്ധ സ്ഥാപനങ്ങളിൽ നിന്നും ശമ്പളവും കിമ്പളവും പറ്റുന്ന ഭരണകൂട ദല്ലാളന്മാരും ഒരു സർവ്വകലാശാലമുഴുക്കെ കുടിച്ചുവറ്റിച്ചിട്ടും ദാഹമടങ്ങാതെ അടുത്തൂൺ പറ്റിപിരിഞ്ഞ കുറുപ്പും, നായരും, വാര്യരും ഗുരുക്കളുമടങ്ങുന്ന അഭ്യാസികളായ ഡോക്ടർമാരും പ്രൊഫസറും പുതിയ തൊഴിൽരാഹിത്യത്തിന്റെ വിരസതയകറ്റാൻ സെമിനാറിലെ ത്വാതിക പ്രബന്ധാവതാരകരായി എത്തിയിട്ടുണ്ട്.

അന്യാധീനപ്പെട്ട ആദിവാസിഭൂമിയെക്കുറിച്ച് ശ്രോതാക്കളിലാരെങ്കിലും ചോദിച്ചു കൂടെന്നില്ല. ബത്തേരിയിലൊരു പുരോഹിതൻ ഹെക്ടറു കണക്കിന് ആദിവാസി ഭൂമി കൈവശപ്പെടുത്തി കലാലയം പണിത നാളിൽ കുറ്റബോധമേതുമില്ലാതെ അതിനകത്തു ജോലിചെയ്ത അദ്ധ്യാപകശ്രേഷ്ഠനു തന്നെയാണ് സെമിനാറിന്റെ ചെയർമാൻ പദവി നൽകിയിരിക്കുന്നത്. സുൽത്താൻ ബത്തേരി കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന വയനാട്ടിലെ ഏറ്റവും വലിയ ഫണ്ടഡ് ഏജൻസിയുടെ ഡയറക്ടർ പദവിയും ഈ മാന്യദ്ദേഹം അലങ്കരിക്കുന്നുണ്ട്. പ്രസ്തുത പുരോഹിതനെ നിയമസഭാംഗമാക്കാൻ നടത്തിയ ശക്തി പ്രകടനത്തിൽ പൊക്കകുറവുണ്ടെങ്കിലും മുൻനിരയിൽ തന്നെ നിലയുറപ്പിച്ച മാന്യദ്ദേഹത്തിന് നൽകിയ പ്രഭാഷണ വിഷയമാകട്ടെ 'ആദിവാസിയും സംസ്ക്കാരവും' കൊള്ളാം ഇമ്മഴ....... കൊള്ളരുതിമ്മഴ..... കൊള്ളാം...... കൊള്ളാം... പെയ്യട്ടെ! സ്വകാര്യ സംഭാഷണങ്ങളിൽ തലവെട്ടു രാഷ്ട്രീയക്കാർ എന്നു പരിഹസിക്കുകയും അനിവാര്യ ഘട്ടങ്ങളിൽ പുരോഗന സ്വഭാവത്തിന് മേമ്പൊടിയായി പ്രഭാഷണത്തിനു ക്ഷണിക്കുകയും ചെയ്ത തീവ്ര, മിത ചെങ്കൊടി പ്രതിനിധികളും സെമിനാറിൽ പ്രഭാഷകരായുണ്ട്. പിന്നെ സമിതിയുടെ അധഃസ്ഥിതിക വർഗ്ഗവിരുദ്ധ നിലപാടിനോട് ഐക്യപ്പെടുന്ന കാവിപ്പടയ്ക്കുമുണ്ട് പ്രാധിനിധ്യം.

നോട്ടീസും ലഘുലേഖയും ചതുർത്തിപോലെ മുഴുനീളെ അപഹസിക്കുന്ന സി. കെ ജാനു എന്ന ഗോത്ര വർഗ്ഗ സ്ത്രീയെക്കുറിച്ച് ഫണ്ടഡ് ഏജൻസികളുടെ ധനസഹായത്തോടെ ഒന്നിലേറെ സിനിമകൾ പടച്ച് ദേശീയാംഗീകാരം നേടിയ കോളമെഴുത്തുകാരന് പക്ഷേ ഉള്ളിലിവരോടത്ര മതിപ്പില്ല. ജാനുവിനെ കറവപ്പശു ആക്കാമെന്ന് ധരിച്ച് പുറംകാലു കൊണ്ട് തൊഴി കിട്ടിയതിന്റെ വേദനയാണ് 'ആദിവാസി സ്വയംഭരണത്തിന്റെ പ്രശ്നങ്ങൾ' പറയാൻ മറ്റൊരു താളില്ലാ പത്രപ്രവർത്തകനെ പ്രേരിപ്പിച്ചത്.

ഭരണഘടനയുടെ 244 ാം വകുപ്പിന്റെ അഞ്ചാം അനുഛേദത്തിന് മറ്റാർക്കും മനസ്സിലാക്കാത്ത ഭരണഘടനാ വ്യാഖ്യാനം നൽകി വനം കേന്ദ്രീകരിച്ച് ഇക്കൂട്ടർക്കുള്ള ഗൂഢപദ്ധതികളെ മറച്ച് വെയ്ക്കാനുള്ള ബോധപൂർവ്വമായ ശ്രമം കൂടിയുണ്ട് ഈ സെമിനാറിന്റെ ലക്ഷ്യങ്ങളിലെന്നു തീർച്ച. ഇതേ സമിതിയുടെ പേരിൽ സെക്രട്ടറി തോമസ് അമ്പലവയൽ പടച്ചുവിട്ട വൈരുദ്ധ്യാധിഷ്ഠിത പരിസ്ഥിതി ലഘുലേഖയിൽ അബോധപൂർവ്വമായി വന്നു ചേർന്ന ചില സത്യ പ്രസ്താവനകളുണ്ട്. അതിലൊന്ന് ഈ സംഘടനയുടെ പരമാത്മാവ് പോത്തു മേച്ചു നടന്ന മുത്തങ്ങ വനത്തിൽ മാത്രം ആന വേട്ടയ്ക്കും ചന്ദനം കടത്തലിനും പ്രലോഭിപ്പിച്ചു കൊണ്ടു പോയി 22 ആദിവാസികൾ കൊല്ലപ്പെട്ടു എന്ന കുറ്റസമ്മതമാണ്. (പേജ് 5 കോളം 4) (സമിതി പ്രസിഡണ്ട് ബാബു മൈലമ്പാടിയുടെ മാധ്യമം ലേഖനത്തിൽ മരിച്ചവരുടെ സംഖ്യ 50 ആണ്.) നാളിതുവരെയുള്ള പരിസ്ഥിതി സംരക്ഷണ ത്തിന്റെ ഹോൾസെയിൽ ഏജൻസി കയ്യിലുണ്ടായി രുന്നിട്ടും എന്തേ ഈ മഹിഷാസുരൻമാർ ഇതു തടയാഞ്ഞത് ? മോഡറേറ്ററുൾപ്പെട്ട വനപാലകർ മുത്തങ്ങയിലെ നിബിഢവനം മുറിച്ചു മാറ്റി യൂക്കാലിപിറ്റസ് നട്ടത്. ഈ പാറ്റന്റുടമകളുടെ മൂക്കിനു മുന്നിൽ നിന്നായിരുന്നില്ലേ ? എന്നിട്ടി പ്പോൾ സ്വാഭാവിക വനം തിരിച്ചു വരുന്ന വഴിയിലെ.... ആനത്താരയിലെ..... ഹോട്ട് സ്പോട്ടിനു നടുവിലെ പോത്തു മേയുന്ന...... മണ്ണാങ്കട്ട. പരാക്രമം ബിർലയോടല്ല വേണ്ടൂ.... ജാനുവിനോടു മതി എന്നു സാരം. തിട്ടൂരത്തിന്റെ മറുപുറത്ത് ഗോത്രസഭ മുത്തങ്ങ കയ്യേറിയതിൽ മാത്രമാണ് സമിതിക്ക് ദുഃഖം എന്നു സമ്മതിക്കു ന്നുണ്ട്. (മുത്തങ്ങ ദുരന്തം പേജ് 5 കോളം 4 ) തിരുനെല്ലി പഞ്ചായത്തിലെ തെറ്റുറോഡിലോ അപ്പപ്പാറയിലോ ജാനുവും സംഘവും കുടിയേറി യിരുന്നു എങ്കിൽ സമിതിക്ക് പരാതിയേതുമില്ല.



# എൻഡോസൾഫാൻ


**ദുരന്തം
വിതക്കുന്ന
കൊലയാളി !!**

## ഫോട്ടോ പ്രദർശനം

മധുരാജ്
(ന്യൂസ് ഫോട്ടോഗ്രാഫർ, മാതൃഭൂമി, കണ്ണൂർ)

**ജൂലൈ 17, 18
DTPC ഹാൾ, മലപ്പുറം**

YOUTH HOSTELS ASSOCIATION OF INDIA
MALPPURAM DISTRICT COMMITTEE



സുഹൃത്തെ,

വാദങ്ങളും പ്രതിവാദങ്ങളും
പത്രമാധ്യമങ്ങളിൽ കൊഴുക്കുമ്പോഴും
കാസർഗോഡ് ജില്ലയിലെ
ഒമ്പതോളം ഗ്രാമങ്ങളിലെ ജീവിതങ്ങൾ
നടുക്കുന്ന ദുരന്തങ്ങളുടെ
തുടർക്കഥയായിക്കൊണ്ടിരിക്കുകയാണ്.

വികസിത രാഷ്ട്രങ്ങളിൽ
ഒന്നടങ്കം നിരോധിച്ച
“എൻഡോസൾഫാൻ” എന്ന
ഭീകരകീടനാശിനിയുടെ
വർഷങ്ങളോളമായുള്ള
പ്രയോഗം മൂലം
ഒരു ജനത അനുഭവിക്കുന്ന തീവ്ര ദുരന്തം
വാക്കുകളിലോ, ചിത്രങ്ങളിലോ
ഒതുക്കാവുന്നതല്ല.

എൻമകജെയിലെയും, പെരിയയിലെയും,
രാജപുരത്തെയും മനുഷ്യ മനഃസാക്ഷിയെ
നടുക്കുന്ന ഏതാനും ദൃശ്യങ്ങൾ ....
ഒപ്പം കീടനാശിനികൾ
നമുക്ക് സമ്മാനിക്കാനിരിക്കുന്ന
നാളെകളുടെയും.

വയനാട് പ്രകൃതി സംരക്ഷണ സമിതി, സുൽത്താൻ ബത്തേരി.

റാന്നി ഫോറസ്റ്റ് ഡിവിഷനിലെ തണ്ണിത്തോട് വനത്തിൽ കാട്ടാനകളുടെ കൂട്ടക്കുരുതിക്ക് ഉത്തരവാദികളായ റാന്നി ഫോറസ്റ്റ് ഡിവിഷണൽ ഓഫീസർ, റെയിഞ്ച്ഓഫീസർ, ഇലക്ട്രിസിറ്റി ബോർഡ്ചെയർമാൻ, ചീഫ്എഞ്ചിനീയർ, ഡെപ്യൂട്ടിഎഞ്ചിനീയർ, എക്സിക്യൂട്ടീവ്എഞ്ചിനീയർ, തുടങ്ങിയവരെ വന്യജീവി സംരക്ഷണ നിയമപ്രകാരം അറസ്റ്റ് ചെയ്തു ജയിലിലടക്കണമെന്ന് വയനാട് പ്രകൃതി സംരക്ഷണ സമിതി കേരള വനം സെക്രട്ടറി, ചീഫ്വൈൽഡ്ലൈഫ്വാർഡൻ എന്നിവരോട് രേഖാമൂലം ആവശ്യപ്പെട്ടിരിക്കുന്നു. ഉടനടി നടപടികൾ ഉണ്ടാകാത്തപക്ഷം കോടതി നടപടികൾ സ്വീകരിക്കുമെന്ന് സമിതി മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പശ്ചിമഘട്ട വനമേഖലയാകെ കാട്ടാനകളുടേയും, കരിംകുരങ്ങ്, മലയണ്ണാൻ, തുടങ്ങിയവയുടേയും മരണക്കളമായി മാറിയിരിക്കുകയാണ്. കഴിഞ്ഞ രണ്ടുവർഷത്തിനിടെ വൈദ്യുതി ലൈനിൽ നിന്നും ഷോക്കേറ്റ് കേരളത്തിൽ 50ൽ അധികം കാട്ടാനകൾ മരണപ്പെട്ടിട്ടുണ്ട്. ഒറ്റപ്പെട്ടതും ഉൾക്കാട്ടിൽ നടക്കുന്നതുമായ വന്യജീവി ഹത്യകൾ പുറത്തറിയുന്നില്ല. വന്യജീവികൾക്ക് എന്തു സംഭവിച്ചാലും ഒന്നും വരാനില്ലന്ന വൈദ്യുതി ബോർഡ് അധികൃതരുടെ ധാർഷ്ട്യമാണ് കാട്ടാനകളുടേയും മറ്റും കൂട്ടക്കുരുതിക്ക് മുഖ്യ കാരണം. നിബിഡ വനത്തിലൂടെയാണ് കേരളത്തിലെ വൈദ്യുത പദ്ധതികളിൽ നിന്നുള്ള ട്രാൻസ്മിഷൻ ലൈനുകൾ മുഴുവനും ഒന്നൊഴിയാതെ എല്ലാ ലൈനുകളും വന്യജീവികളുടെ മരണക്കെണികളാണ്. ഒരു ചീഫ് ഫോറസ്റ്റ് കൺസർവേറ്ററാണ് വൈദ്യുതി ബോർഡിന്റെ തലപ്പത്ത് ഡെപ്യൂട്ടേഷനിൽ ഇരിക്കുന്നതെന്നത് ലജ്ജാകരമാണ്.

നാട്ടിലും കാട്ടിലും ആനകൾക്ക് രക്ഷയില്ലാത്ത് ഇന്നത്തെ അവസ്ഥക്ക് പിഹാരം കാണണമെന്നും ആനകളെ മെരുക്കി വളർത്തുന്നത് നിരോധിക്കണമെന്നും ആനപിടുത്തം പുനരാരംഭിക്കണമെന്നുള്ള നീക്കത്തെ ചെറുത്തു തോൽപ്പിക്കണമെന്നും പ്രകൃതി സംരക്ഷണ സമിതി ജനറൽബോഡി യോഗം ആവശ്യപ്പെട്ടു. കാട്ടാനകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്ന വനം വകുപ്പ് അധികൃതരുടെ വാദം ശുദ്ധ നുണയും ശാസ്ത്രീയമായി തെളിയിക്കാൻ കഴിയാത്തതുമായ അവകാശ വാദമാണ്. കേരള വനങ്ങളിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടെ ചത്തൊടുങ്ങിയ ആനകളുടെ വിവരം പ്രസിദ്ധീകരിക്കുവാൻ വനംവകുപ്പ് അധികൃതരെ സമിതി വെല്ലുവിളിക്കുന്നു. കഴിഞ്ഞഞ്ചു വർഷത്തിനിടെ വയനാട് വന്യജീവികളുടെ കേന്ദ്രത്തിൽ മാത്രം മുന്നൂറിലധികം കാട്ടാനകൾ ചത്തൊടുങ്ങിയുട്ടുണ്ട.

കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ മുപ്പത് കാട്ടാനകൾ വയനാട്ടിൽ കൊല്ലപ്പെട്ടത് കൊമ്പിന് വേണ്ടിയുള്ള വേട്ട ഷോക്കേൽപ്പിച്ചും വിഷം കൊടുത്തും ചാരായത്തിൽ വിഷം കലർത്തിയും മറ്റുമാണ്. ഈ ഗുരുതരമായ പ്രശ്നത്തിൽ ഉടനടി ഇടപെടണമെന്ന് സമിതി കേന്ദ്ര വനംപരിതസ്ഥിതി വകുപ്പിനോടും, പരിസ്ഥിതി പ്രവർത്തകരോടും പ്രകൃതി സ്നേഹികളോടും അഭ്യർത്ഥിച്ചു. കോടിക്കണക്കിന് രൂപയുടെ വിദേശഫണ്ട് വാങ്ങി, പ്രോജക്ട് എലിഫന്റ് പദ്ധതി നടപ്പിലാക്കുമ്പോഴും ഏഷ്യൻ വംശത്തിൽപ്പെട്ട കാട്ടാനകൾ വംശനാശ ഭീഷണികൾ നേരിടുകയാണെന്നും യോഗം ആശങ്ക രേഖപ്പെടുത്തി. യോഗത്തിൽ പ്രസിഡന്റ് ബാബു മൈലമ്പാടി അദ്ധ്യക്ഷത വഹിച്ചു സെക്രട്ടറി തോമസ് അമ്പലവയൽ, വഹാബ് കെ. പി ബാദുഷ എൻ. പി. യു. ജോയി രാജൻ വെളുത്തുണ്ടിക്കുന്ന് സുരേഷ് മാസ്റ്റർ, സിദ്ദീഖ്, മുഹമ്മദ് തുടങ്ങിയവർ പ്രസംഗിച്ചു.

10-9-03

തോമസ് അമ്പലവയൽ

പ്രശസ്ത കവയിത്രി

# സുഗതകുമാരി

## ബത്തേരിയിൽ പ്രസംഗിക്കുന്നു.

22 നു തിങ്കളാഴ്ച വൈകു. 5 മണിക്ക്

പ്രശസ്ത കവയിത്രിയും പരിസ്ഥിതി പ്രവർത്തകയുമായ സുഗതകുമാരി ചാലിയാർ സമരസഹായ സമിതി സംഘടിപ്പിക്കുന്ന പൊതുയോഗത്തിൽ 22 നു തിങ്കളാഴ്ച സുൽത്താൻ ബത്തേരി സ്വാതന്ത്ര്യമൈതാനിയിൽ പ്രസംഗിക്കുന്നതാണ്.

*ചാലിയാർ*
*സമരസഹായസമിതി*
*സുൽത്താൻ ബത്തേരി*

മോഡേൺ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ബത്തേരി

### WOMEN'S DOCUMENTATION CENTRE

**Parent Organization**
Environment Education Centre

**Contact Person**
Ms Sheeja, Librarian

**Address**
Ariyancode
P.O. Ottasekharamangalam
Pin-695125

**Status**
Registered Society: 1985; Citizens' Action Group; non-profit; rural-oriented

**Commencement of Activities**
1992

**Scope and Function**
To do research; to collect and disseminate data; to bring out publications; to run a library.

**Number of Permanent Staff**
2

**Part-Time Staff**
3

**Members/Volunteers**
15

**Geographical Coverage of Activities**
Kerala State

**Educational Material/Aids**
Books, posters and other publications

**Activities Related to the Environment**
Environmental education and awareness programmes; installing smokeless chulhas; undertaking environment-related policy studies.

### WORLD WIDE FUND FOR NATURE-INDIA

**Parent Organization**
World Wide Fund for Nature - India, Secretariat, 172-B, Max Mueller Marg, Lodi Estate, New Delhi-110003

**Contact Person**
State Director

**Address**
'Rupa', A 10 Tagore Nagar
Vazhuthacaud
Thiruvananthapuram
Pin-695014

**Telephone**
0471-65183

**Status**
Registered Trust; non-profit

**Commencement of Activities**
1986

**Scope and Function**
To work for the promotion of nature conservation and environmental protection through support to research, field projects, education and training; to raise funds for conservation.

**Number of Permanent Staff**
8

**Part-Time Staff**
1

**Members/Volunteers**
18

**Geographical Coverage of Activities**
14 Districts of Kerala

### WYNAD PRAKRITHI SAMRAKSHANA SAMITI

**Contact Person**
Babu Mylambadi, President

**Address**
C/o Modern Books
Sultan's Battery
Wynad District
Pin-673592

**Telephone**
185 (PP)

**Status**
Unregistered Group; Citizens' Action Group

**Commencement of Activities**
Started work in April 1983 in Sultan's Battery; the samiti came into existence in 1981 as a direct result of the masses' agitation for preventing the felling of trees in Naikally near Sultan's Battery

**Scope and Function**
To carry out environmental education; to combat tree-felling and deforestation.

**Geographical Coverage of Activities**
Wynad District

**Activities Related to the Environment**
Workshops on environmental education; protest against deforestation, and creating awareness among the public regarding the adverse effects of deforestation; afforestation.

## ZOOLOGICAL CLUB

**Contact Person**
Prof T.P. Sreedharan, President

**Address**
Payyanur College
P.O. Edat
Cannanore District
Pin-670327

**Telephone**
04989-2121

**Status**
Registered Society: 1978

**Commencement of Activities**
Started in 1972 as a students' nature action group

**Scope and Function**
To study the environment; to impart environmental education to students; to conserve nature by organising appropriate programmes.

**Members/Volunteers**
70

**Geographical Coverage of Activities**
Kannur District

**Activities Related to the Environment**
Holding environmental education camps for students; campaigning for nature conservation; organising programmes for tree-planting and gardening.